# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6406
**11.07.2012 - ലെ മറുപടിയ്ക്ക്**

**ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ടി.എം. തോമസ് ഐസക്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. കെ.വി. വിജയദാസ് | | **ശ്രീ. കെ.എം. മാണി**<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| എ) | ഈ വർഷം ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധയിൽ കണ്ടെത്തിയ ഗുരുതരമായ സാമ്പത്തിക ക്രക്കേടുകൾ സംബന്ധിച്ച കേസുകൾ വിശദമാക്കുമോ; | വിശദ വിവരം അനുബന്ധം 'എ' യിൽ ചേർത്തിരിക്കുന്നു.<br><br>ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗം - 342<br>ധനകാര്യ ഇൻസ്പെക്ഷൻ (ടെക്നിക്കൽ) വിഭാഗം - 56 |
| ബി) | ഇൻസ്പെക്ഷൻ വിഭാഗത്തിൽ ഇപ്പോൾ എത്ര ഉദ്യോഗസ്ഥരുണ്ട്; ഏതെല്ലാം തസ്തികയിൽ; ഇവർ ആരൊക്കെയാണ്; | ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗം - 44 പേർ.<br>ധനകാര്യ ഇൻസ്പെക്ഷൻ (ടെക്നിക്കൽ) വിഭാഗം - 11 പേർ<br>വിശദവിവരം അനുബന്ധം ബി യിൽ ചേർത്തിരിക്കുന്നു. |
| സി) | ഇവർ തയ്യാറാക്കിയ ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ എത്ര; എത്ര റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിക്കുകയുണ്ടായി; സ്വീകരിച്ചിട്ടില്ലാത്തവ ഏതൊക്കെ; | ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗം - 168<br>ധനകാര്യ ഇൻസ്പെക്ഷൻ (ടെക്നിക്കൽ) വിഭാഗം - 44<br>ധനകാര്യ പരിശോധനാ വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ മേൽനടപടി സ്വീകരിക്കേണ്ടത് അതാത് ഭരണ വകുപ്പുകളാണ്. മേൽ നടപടികൾ അതാതു ഭരണ വകുപ്പുകളിൽ വിവിധ ഘട്ടങ്ങളിലാണ്. |

| | |
|---|---|
| (ധ) ഇൻസ്പെക്ഷൻ നടത്തേണ്ട സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡമനുസരിച്ചാണ്? | പ്രത്യേക മാനദണ്ഡം നിലവിലില്ല. എന്നാൽ സർക്കാർ ഓഫീസുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ,സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സർക്കാരിൽ നിന്ന് സാമ്പത്തികസഹായം ലഭിക്കുന്നതും സർക്കാർ അംഗീകാരമുള്ളതുമായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ക്രമക്കേടുകൾ, ജീവനക്കാരുടെ അനാസ്ഥമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം, ടി സ്ഥാപനങ്ങളിലെ ജീവനക്കാർ നടത്തുന്ന സാമ്പത്തിക ക്രമക്കേട്, സാമ്പത്തിക തിരിമറി, സർക്കാർ ധനത്തിനുംസ്വത്തിനുമുണ്ടാകുന്നനഷ്ടം,സർക്കാർ പദ്ധതികൾ നടപ്പാക്കുന്നതിലെവീഴ്ച,സർക്കാർമേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേട്, നിർമ്മാണപ്രവർത്തനങ്ങളിൽ ജീവനക്കാരുടെ അനാസ്ഥ, നിർമ്മാണപ്രവർത്തനങ്ങളിലെ ധനനഷ്ടം എന്നിവ സംബന്ധിച്ചാണ് പ്രധാനമായും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന. മേൽ പറഞ്ഞവ സംബന്ധിച്ച് സർക്കാരിന് ലഭിക്കുന്ന പരാതികൾ, ഭരണ വകുപ്പുകൾ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്തു നൽകുന്ന ഫയലുകൾ, കൂടുതലായി സർക്കാർ ഫണ്ടുകൾ വിനിയോഗിക്കുന്ന വകുപ്പുകൾ, നികുതി വരുമാനമുള്ള വകുപ്പുകൾ, മാധ്യമ വാർത്തകളിൽ ചൂണ്ടിക്കാട്ടുന്ന ക്രമക്കേടുകളുള്ള ഓഫീസുകൾ എന്നിവയിൽ മുൻഗണനാ ക്രമത്തിൽ പരിശോധന നടത്തുന്നു. |

**അക്കൗണ്ട്സ് ഓഫീസർ**

## അനുബന്ധം. എ

## ഈ വർഷം ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച കേസുകൾ.

1) കൊച്ചിൻ യുണിവേഴ്സിറ്റിയിലും അതിനു കീഴിലുള്ള സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലും, കേരളാ യുണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യാനിക് സ്റ്റഡീസിലും (കുഫോസ്) നടത്തിയ പരിശോധനയിൽ കുഫോസ് വൈസ് ചാൻസിലർ ഡോ: ബി.മധുസൂദനകുറുപ്പ് സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിൽ (സിഫ്) ഡയറക്ടറായിരിക്കെ അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ 1.29 കോടി രൂപ തിരിച്ചടക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് കണ്ടെത്തി.

2) മത്സ്യഫെഡിനു കീഴിലുള്ള നീണ്ടകര, ശക്തികുളങ്ങര എന്നീ ഡീസൽ ബങ്കുകളിൽ നടത്തിയ ആകസ്മിക പരിശോധനയിൽ അനുവദനീയമായ അളവിലും കുറച്ച് ഡീസൽ മത്സ്യബന്ധന ബോട്ടുകൾക്ക് നൽകിയതിലൂടെ പ്രതിവർഷം 32 ലക്ഷത്തോളം രൂപയുടെ വെട്ടിപ്പു നടത്തിയതായി കണ്ടുപിടിച്ചു.

3) കോവളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടത്തിയ പരിശോധനയിൽ സർക്കാർ നിർദ്ദേശം മറികടന്ന് മുറികൾ അനുവദിച്ചതിൽ ഗുരുതരമായ ക്രമക്കേട് കണ്ടെത്തി.

4) കാസർഗോഡ് പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസിൽ നടത്തിയ പരിശോധനയിൽ 1992-93 മുതൽ 1999-2000 വർഷം വരെയുള്ള കാലയളവിൽ വിവിധയിനങ്ങളിൽ അഡ്വാൻസ് വാങ്ങിയ തുകയായ 12637698/ രൂപ ഇതുവരെയും ക്രമീകരിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ലെന്ന് കണ്ടെത്തി.

5) കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ ഫെഡറേഷന്റെ തിരുവനന്തപുരം ആസ്ഥാന കാര്യാലയത്തിൽ നടത്തിയ പരിശോധനയിൽ ടി ഫെഡറേഷനിലെ ബ്രാഞ്ച് മാനേജരായിരുന്ന ശ്രീ.പി.വി.സാബു 70 ലക്ഷത്തിൽ പരം രൂപയുടെ സാമ്പത്തിക ക്രമക്കേട് നടത്തിയതായി കണ്ടെത്തി.

6) തൃശ്ശൂർ അഗ്രിക്കൾച്ചർ യുണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറായിരുന്ന ശ്രീ.കെ.ആർ.വിശ്വംഭരൻ അനർഹമായി യു.ജി.സി സ്കെയിലിൽ ശമ്പളം വാങ്ങിയ ഇനത്തിൽ പതിനാറു ലക്ഷത്തോളം രൂപ അധികം വാങ്ങിയതായി കണ്ടെത്തി.

7) ആരോഗ്യ വകുപ്പിൽ 265 ഓഫീസുകളിലായി ജുനിയർ പബ്ളിക്ക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I ഗ്രേഡ്-II എന്നീ തസ്തികകളിലുള്ള 733 പേർക്ക് സർക്കാർ സർക്കുലർ ദുർവ്യാഖ്യാനം ചെയ്ത് 1.50 കോടി രൂപ ശമ്പള കുടിശി ഖയിനത്തിൽ അനധികൃതമായി നൽകിയത് കണ്ടെത്തി.

8) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ആവശ്യത്തിലധികം മരുന്നുകൾ വാങ്ങിക്കൂട്ടുകയും ഇവ ഉപയോഗിക്കാനാകാതെ കാലാവധി പൂർത്തിയാവുകയും ചെയ്തതിലൂടെ സർക്കാരിനുണ്ടായ നഷ്ടം, ഗുണ നിലവാരം കുറഞ്ഞ മരുന്നുകൾ നൽകിയ കമ്പനികളിൽ നിന്നും തുക തിരികെ പിടിക്കുന്നതിലെ കാലതാമസം എന്നിവ കണ്ടെത്തി.

9 കേരഫെഡിൽ കൊപ്ര സംഭരിച്ച ഇനത്തിൽ രണ്ടു ലക്ഷം രൂപയുടെ ക്രമക്കേട് കണ്ടെത്തി. കൂടാതെ ഇവിടെ നടത്തിയ ക്രമവിരുദ്ധ പ്രമോഷൻ, അനധികൃതമായി തസ്തിക സൃഷ്ടിച്ചത്, യന്ത്രസാമഗ്രികൾ വാങ്ങി ഏഴു വർഷമായിട്ടും ഉപയോഗിക്കാതെ കിടക്കുന്നതിലൂടെ മൂന്നു കോടി രൂപയുടെ നഷ്ടം, ഉദ്യോഗസ്ഥരുടെ അലംഭാവം മൂലം 13 ലക്ഷം രൂപയുടെ നഷ്ടം (ഡാമേജ് സ്യൂട്ടിൽ ലഭിക്കേണ്ടിയിരുന്നത്) സ്വകാര്യ ഓയിൽ മിൽ വാടകയ്ക്ക് എടുത്തതിലൂടെയുണ്ടായ സാമ്പത്തിക ബാധ്യത എന്നീ ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട്.

10 തിരുവനന്തപുരം ഡി.പി.ഐയിൽ ജീവനക്കാർക്ക് അഡ്വാൻസ് നൽകിയ തുക (2.45 ലക്ഷം രൂപ) സർക്കാർ നിർദ്ദേശമുണ്ടായിട്ടും തിരികെ പിടിക്കുകയോ, ക്രമീകരിക്കുകയോ ചെയ്യാതിരിക്കുന്നത് കണ്ടുപിടിച്ചു.

11) കണ്ണൂർ താലൂക്ക് ഓഫീസിൽ കുടിവെള്ള വിതരണത്തിൽ സർക്കാർ പണം വെട്ടിപ്പു നടത്തിയത് (വ്യാജ വാഹന നമ്പർ ഉപയോഗിച്ച്) കണ്ടുപിടിച്ചു.

12) പട്ടികജാതി വികസന വകുപ്പു ഡയറക്ടറേറ്റിൽ നടത്തിയ പരിശോധനയിൽ ഹൗസിങ്ങ് സ്കീം നടപ്പിലാക്കിയതിലെ വീഴ്ചയും, മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ഓഫീസ് നവീകരണത്തിൽ നടത്തിയ ക്രമക്കേട്, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ നടന്ന ആറു ലക്ഷം രൂപയുടെ ക്രമക്കേട്, കാസർഗോഡ് പള്ളിക്കര ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകൾ സ്ഥാപിച്ചതിലെ ക്രമക്കേട് എന്നിവയും മഞ്ചേരി പി.ഡബ്ള്യു.ഡി റോഡ്സ് ഡിവിഷൻ ഓഫീസിൽ വ്യാജ നിരതദ്രവ്യവും, തവന്നൂർ വൃദ്ധ സദനത്തിൽ പണത്തിലെ കുറവും കണ്ടെത്തി.

(ഒപ്പ്)

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം-ബി

## ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാരുടെ വിശദവിവരം

| ക്രമ നമ്പർ | പേര് | ഉദ്യോഗ പേര് |
|---|---|---|
| 1 | സി.ശിവരാമൻ നായർ | അഡീഷണൽ സെക്രട്ടറി |
| 2 | വി.കെ.ബാലചന്ദ്രകുമാർ | ജോയിന്റ് സെക്രട്ടറി |
| 3 | എം.നജീബ് | ഡെപ്യൂട്ടി സെക്രട്ടറി |
| 4 | എസ്.ശിവകുമാർ | അണ്ടർ സെക്രട്ടറി |
| 5 | എം.എസ്.ഷംസുദ്ദീൻ | " |
| 6 | എം.ടെറേഷ്യസ് | " |
| 7 | എസ്.ഹരികുമാർ | അക്കൗണ്ട്സ് ഓഫീസർ |
| 8 | എം.ടി.പ്രേമൻ | സെക്ഷൻ ഓഫീസർ |
| 9 | കെ.ജി.വിജയകുമാർ | " |
| 10 | കെ.ജി.റെജി | " |
| 11 | എസ്.മോഹനൻ | " |
| 12 | കെ.ആർ.മധുമോഹൻ | " |
| 13 | കെ.സി.ബിനു | " |
| 14 | എൽ.അൻവർഹുസൈൻ | " |
| 15 | എസ്.മനു | " |
| 16 | ടി.ജയകുമാർ | അസിസ്റ്റന്റ് |
| 17 | ബിജു.പി.പോൾ | " |
| 18 | എസ്.പ്രദീപ്കുമാർ | " |
| 19 | എൻ.ഓമനക്കുട്ടൻ | " |
| 20 | പി.കെ.സേതുനാഥൻ ഉണ്ണിത്താൻ | " |
| 21 | പി.എം.തിലകൻ | " |
| 22 | വി.എസ്.വിനയൻ | " |
| 23 | ആർ.പ്രദീപ്കുമാർ | " |
| 24 | എസ്.അനീഷ് | " |
| 25 | പ്രിൻസ് ജോസഫ് | " |
| 26 | ജി. അജിത്മോഹൻ | " |
| 27 | എ.കെ.ഷാജി | " |

| | | |
|---|---|---|
| 28 | സി.അജിത്കുമാർ | " |
| 29 | വി.എം.സ്റ്റാലിൻ | " |
| 30 | പി.പ്രവീൺകുമാർ | " |
| 31 | എസ്.സാജുമോൻ | " |
| 32 | എസ്.മനോജ് | " |
| 33 | എ.എം.നജീം | " |
| 34 | പി.കെ.സദാനന്ദൻ | ടൈപ്പിസ്റ്റ് |
| 35 | ബി.ഷീജി ജോർജ്ജ് | " |
| 36 | പി.ഗീത | " |
| 37 | എം.സുധാകരൻ | " |
| 38 | എസ്.എൽ.സുലത | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് |
| 39 | എസ്.ആർ.ദീപലത | " |
| 40 | ടി.കെ.കൃഷ്ണൻ | ഓഫീസ് അറ്റൻഡന്റ് |
| 41 | എം.നസീർ | " |
| 42 | ബി.ബേസിൽസിംഗ് | " |
| 43 | ജി.ബിജു | " |
| 44 | കെ.ആതിര | ടൈപ്പിസ്റ്റ് (ദിവസവേതനം) |

അക്കൗണ്ട്സ് ഓഫീസർ

ധനകാര്യ ഇൻസ്പെക്ഷൻ (ടെക്നിക്കൽ) ഡിപ്പാർട്മെന്റിലെ
ഉദ്യോഗസ്ഥന്മാരുടെ വിശദവിവരം

| ക്രമ നമ്പർ | പേര് | ഉദ്യോഗ പേര് |
|---|---|---|
| 1 | എബ്രഹാം ജേക്കബ് | ചീഫ് ടെക്ക്നിക്കൽ എക്സാമിനർ |
| 2 | എസ്.ജെ.വിജയദാസ് | അസിസ്റ്റന്റ് ചീഫ് ടെക്ക്നിക്കൽ എക്സാമിനർ |
| 3 | റോയ് ലൂക്ക് | ടെക്ക്നിക്കൽ എക്സാമിനർ |
| 4 | ജയച്ചന്ദ്ര ബാബു | " |
| 5 | ബി.ശ്രീകുമാർ | " |
| 6 | ഷാജി | " |
| 7 | ബൈജു ഡൊമിനിക്ക് | അസിസ്റ്റന്റ് ടെക്ക്നിക്കൽ എക്സാമിനർ |
| 8 | അജയകുമാർ | " |
| 9 | ആനന്ദ് | അസിസ്റ്റന്റ് എഞ്ചിനിയർ |
| 10 | അരുൺ ജെ രഞ്ജ് | " |
| 11 | ഷാൻ | " |

അക്കൗണ്ട്സ് ഓഫീസർ